പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2112 23.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി പ്രതിസന്ധി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ജി. എസ്. ജയലാൽ :<br>ശ്രീ. കെ. രാജു :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാൻ ഉയർന്ന നിരക്കിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും, എൻ. ടി. പി. സി.യിൽ നിന്നും വൈദ്യുതി വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) വൈദ്യുതി ക്ഷാമം പരിഹരിക്കാൻ ട്രേഡർമാർ വഴിയും എൻ. റ്റി. പി. സിയിൽ നിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്നതിൻെറ നഷ്ടം നികത്താൻ സർചാർജ്ജ് ഏർപ്പെടുത്താൻ സാദ്ധ്യതയുണ്ടോ ; എങ്കിൽ ഇത് വൈദ്യുത ഉപഭോക്താക്കളെ ഏതു തരത്തിൽ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (ബി) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച വിവിധ താപനിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലം, കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കൂടിയ നിരക്ക് ആവുകയാണെങ്കിൽ ഉണ്ടാകുന്ന അധിക ബാധ്യത, ഇന്ധന സർചാർജ്ജായി ഈടാക്കുന്നതിനുള്ള നിയമം 2010 ൽ കമ്മീഷൻ അംഗീകരിച്ച് വിജ്ഞാപനമിറക്കിയിട്ടുണ്ട്. ഈ നിയമം അനുസരിച്ച് എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഒരേ നിരക്കിൽ സർചാർജ്ജ് ഈടാക്കാനാണ് നിഷ്ക്കർഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.